# നാളികേര കർഷകർ ഉത്പന്ന വൈവിധ്യത്തിലേക്ക് നീങ്ങണം: രമേശ് ചെന്നിത്തല

നാളികേര കർഷകർ ഉത്പന്ന വൈവിധ്യത്തിലേയക്ക് നീങ്ങണമെന്നും നിർമ്മിക്കുന്ന ഉത്പ്പന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പു വരുത്തണമെന്നും സംസ്ഥാന ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടു. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കരപ്പുറം നാളികേര ഉദ്പാദക കമ്പനിയുടെ നീര പ്ലാന്റ് ആലപ്പുഴ ജില്ലയിൽ കഞ്ഞിക്കുഴി പഞ്ചായത്തിലെ അയപ്പഞ്ചേരിയിൽ നിർമ്മാണം പൂർത്തിയാക്കിയ നീരപ്ലാന്റ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉത്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് വിപണി കണ്ടെത്തുക എന്നതാണ് ഏറ്റവും വലിയ കാര്യം. വിറ്റഴിച്ചാൽ മാത്രമെ ഉത്പാദനം മുന്നോട്ടു പോവുകയുള്ളു. അതിനു വേണ്ടത് ഗുണമേന്മയാണ്. ഗുണമേന്മയുണ്ടെങ്കിൽ വിദേശവിപണി പോലും കൈപ്പിടിയൊതുക്കാൻ ഏത് ഉത്പ്പന്നത്തിനും സാധിക്കുമെന്നും മന്ത്രി തുടർന്നു.

നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ, സംസ്ഥാന എക്സൈസ് വകുപ്പിന്റെ മേൽ നോട്ടത്തിൽ ഇന്ന് നീര വളരെ വലിയ പ്രസ്ഥാനമായി കേരളത്തിൽ വ്യാപിക്കുകയാണ്. നാളികേര കർഷകരെ താങ്ങി



നിറുത്തുവാനും സഹായിക്കുവാനും തെങ്ങു കൃഷി ആദായകരമാക്കി മാറ്റുവാനും നമുക്കു സാധിക്കണം. നാളികേരത്തിന്റെ അനന്തമായ സാധ്യതകൾ മനസിലാക്കാൻ കേരളീയർ വൈകിപ്പോയെങ്കിലും നാളികേരത്തിൽ നിന്ന് നിരവധിയായ ഉത്പ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ അടുത്ത കാലത്തായി നമുക്കു സാധിക്കുന്നുണ്ട്. ആത്യന്തികമായി നാളികേര മേഖലയുടെ വികസനവും നാളികേര കർഷകരുടെ പുരോഗതിയുമമാണ് നമ്മുടെ ലക്ഷ്യം. അതിനായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ കഴിയുന്നത്ര സാമ്പത്തിക സഹായം ചെയ്യുന്നുണ്ട് എന്നും മന്ത്രി കൂട്ടി ചേർത്തു. ചടങ്ങിൽ പി.തിലോത്തമൻ എംഎൽഎ അധ്യക്ഷനായിരുന്നു.

ഇന്ത്യയിൽ ഇനി ഉണ്ടാകാൻ പോകുന്ന എല്ലാ നീര പ്ലാന്റുകൾക്കും മാതൃകയാക്കാവുന്ന സംസ്കരണ സംവിധാനമാണ് കരപ്പുറം കമ്പനി സ്ഥാപിച്ചിരിക്കുന്നത് എന്ന് ചടങ്ങിൽ ആമുഖ പ്രഭാഷണം നടത്തിയ നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ചൂണ്ടിക്കാട്ടി. നാളികേര പാൽ പോലുള്ള മൂല്യ വർധിത ഉത്പ്പന്നങ്ങൾക്ക് ഇന്ന് ഇന്ത്യയിലും വിദേശ വിപണിയിലും വലിയ ഉപഭോക്താക്കൾ ഉണ്ട്. അതിനാൽ അടുത്തതായി വിപണിയിൽ ഇറക്കേണ്ട നാളികേര ഉത്പ്പന്നങ്ങളുടെ ഒരു ലിസ്റ്റ് കൂടി ഞാൻ കരപ്പുറം കമ്പനിയുടെ ഭാരവാഹികൾക്കു മുന്നിൽ വയ്ക്കുന്നു. നാളികേരത്തിൽ നിന്ന് ലോകത്തിലെവിടെയും ഉണ്ടാക്കാൻ കഴിയുന്ന ഏത് ഉത്പ്പന്നവും നമുക്ക് ഇവിടെ ഉണ്ടാക്കാൻ സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു. കമ്പനി സി ഇ ഒ ഡോ.പി.കെ. മാണി റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് കമ്പനി ഷെയർ സർട്ടിഫിക്കറ്റുകളുടെ വിതരണം ഡോ. തോമസ് ഐസക് എംഎൽഎ നിർവഹിച്ചു.